(സി) ഉവ്വ്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഉദ്ദേശിക്കുന്നില്ല.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : മുണ്ടൂർ, ഡിസ്പെൻസറിക്കടുത്ത് ഒരു ഔഷധനിർമ്മാണശാല ഉണ്ടായിരുന്നു. അതേ സംബന്ധിച്ച് എന്താണ് തീരുമാനിച്ചിട്ടുള്ളത്?

ഡാക്ടർ എ. ആർ. മേനോൻ : അതേപ്പറ്റി എന്താണ് വേണ്ടതെന്ന് ആലോചിക്കുന്നു. അവിടെ ഒരു ഡിസ്പെൻസറി ഉണ്ടായിരുന്നു.

ശ്രീ. പി. എം. കുഞ്ഞുരാമൻ നമ്പ്യാർ : ഔഷധച്ചെടികൾ നട്ടുപിടിപ്പിക്കാൻ വല്ല ആലോചനയുമുണ്ടോ?

ഡാക്ടർ എ. ആർ. മേനോൻ: ഉണ്ട്. നോർത്ത് മലബാറിൽ അതിലേയ്ക്കു തന്നെക്കുറിൽ ചിലപ്രദേശം സ്ഥലം എടുത്തിട്ടുണ്ട്. അതിനു വേണ്ട സഹായങ്ങൾ ചെയ്യാൻ ഈ ഗവണ്മെന്റ് നടപടി നടത്തിയിട്ടുണ്ട്. ആ സ്ഥലത്തിന്റെ പേരു് എനിക്കു് നല്ല ഓർമ്മയില്ല. സഹകരണാടിസ്ഥാനത്തിലാണ് നടത്താൻ പോകുന്നതു്.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : ഈ ഔഷധനിർമ്മാണം നഷ്ടത്തിലാണെന്നറിയാമോ?

ഡാക്ടർ എ. ആർ. മേനോൻ : മുമ്പ് ലാഭത്തിലുള്ള കച്ചവടമായിരുന്നു. തുടർന്ന് ഞാൻ തുടങ്ങിയതാണ്. 40,000 രൂപാ ചെലവാക്കി, 3 ലക്ഷം രൂപാ കൂട്ടി.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : തിരുവനന്തപുരത്തു് നഷ്ടമാണെന്നറിയാമോ?

ഡാക്ടർ എ. ആർ. മേനോൻ : അറിയാം. വളരെ നഷ്ടത്തോടുകൂടിയാണ് ചെയ്യുന്നതെന്നും ഗവണ്മെന്റിനറിയാം. അതിനു് എന്താണു നടപടിയെടുക്കേണ്ടതെന്നു ആലോചനയിലിരിക്കുകയാണ്.

ശ്രീ. ആർ. ജനാർദ്ദനൻ നായർ : തിരുവനന്തപുരത്തുള്ള ആയുർവ്വേദ ഫാർമസി നഷ്ടത്തിൽ നടത്തുന്നതിനുള്ള കാരണം ഇവിടെയുള്ള ആയുർവ്വേദ വൈദ്യന്മാരുടെ ഫാർമസികളിൽ ഉണ്ടാക്കുന്ന ഔഷധങ്ങൾ ചെലവാക്കുന്നതിനു വേണ്ടി ഗവണ്മെന്റിന്റെ കീഴിൽ ഉണ്ടാക്കുന്ന ഔഷധങ്ങൾ ചീത്തയാക്കുകയാണെന്നുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

Mr. Speaker: That question contains an insinuation and need not be answered.

1959-ലെ ടെൻഡർ വിളിച്ച പാലങ്ങൾ.

* 1434. [15] ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1959-ൽ ടെൻഡർ വിളിച്ചു് കോൺട്രാക്ടറെ കൊടുത്ത പാലങ്ങൾ സ്റ്റോറിൽ എത്രയുണ്ടു്;

(ബി) ഏതെല്ലാം;

(സി) എത്ര എണ്ണത്തിന്റെ പണി തുടങ്ങി;

(ഡി) ഇതുവരെ പണി തുടങ്ങാത്ത പാലങ്ങൾ ഏതെല്ലാം?

LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. അബ്ദുൽ മജീദ്):

(എ) 22.

(ബി) † ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്.

(സി) 19.

(ഡി) കയ്യാലിപ്പാലം, മട്ടാർ പാലം, നെടുമുടിപ്പാലം, തോട്ടപ്പള്ളി, മാരാരിക്കുളം മുതലായ പാലങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

ശ്രീ. ആർ. സുഗതൻ: കയ്യാലിപ്പാലത്തിന്റെ നില എന്താണ്?

ശ്രീ. ടി. അബ്ദുൽ മജീദ്: അതു നാഷണൽ ഹൈവേയിൽപ്പെട്ടതാണ്.

പുതിയതായി ആരംഭിക്കുന്ന കോടതികൾ.

* 1435. [16] ശ്രീ. ടി. കെ. കുഞ്ഞൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) ഈ മദ്ധ്യവേനലിനുശേഷം കോടതി തുറക്കുമ്പോൾ എവിടെയെല്ലാം പുതുതായി കോടതി ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) കുന്നംകുളത്ത് ഒരു മുൻസിഫ്-മജിസ്ട്രേട്ടു കോടതി സ്ഥാപിക്കുന്നതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

നിയമവകുപ്പുമന്ത്രി (ശ്രീ. വി. ആർ. കൃഷ്ണയ്യർ):

(എ) തുറക്കുന്ന കാര്യത്തിൽ അവസാന തീരുമാനം എടുത്തിട്ടില്ല.

(ബി) ഇതുവരെ കാര്യമായ നടപടികൾ എടുത്തുകഴിഞ്ഞിട്ടില്ല.

ശ്രീ. കെ. എം. ജോർജ്ജ്: മുമ്പ് ഓരോ ഡിസ്ട്രിക്ടിലേയും എം. എൽ. എ. മാരേയും മറ്റും ഉൾപ്പെടുത്തി ഒരു കമ്മിറ്റി പ്രൊവിഷണലായിട്ട് കോടതികൾ പുതിയതായി തുറക്കുന്നതിനെ സംബന്ധിച്ച് എടുത്തിട്ടുള്ള തീരുമാനം ഇപ്പോഴും നിലവിലിരിക്കുകയാണോ, അതോ ഇനിയും അതു പുനഃപരിശോധന ചെയ്യേണ്ടതായിട്ടുണ്ടോ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ: ആ അഭിപ്രായങ്ങളെല്ലാം ഹൈക്കോടതിക്ക് അയച്ചുകൊടുത്തിരിക്കുകയാണ്. അവരുടെ അഭിപ്രായംകൂടി അറിഞ്ഞതിനുശേഷമാകാം എന്നുവച്ചു നിർദ്ദേശം കാത്തു നിൽക്കുകയാണ്.

സ്കൂൾ പണിചെയ്യുന്നതിനു തടിക്കുവേണ്ടിയുള്ള അപേക്ഷകൾ.

* 1436. [17] ശ്രീ. കെ മൊയ്തീൻകുട്ടി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സഹകരണവുംവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) പ്രൈവറ്റ് സ്കൂൾകൾ പണി ചെയ്യുന്നതിനു സാധനസാമഗ്രികൾ സർക്കാരിൽനിന്നും തടി നൽകാറുണ്ടോ;

(ബി) 1957-58 സാമ്പത്തികവർഷത്തിൽ കൊല്ലം ജില്ലയിൽനിന്നും എത്ര മാനേജുമെന്റ് സ്കൂൾകൾ തടിക്കുവേണ്ടി അപേക്ഷകൾ അയച്ചിട്ടുണ്ട്; അതിൽ എത്രപേർക്ക് നൽകി;

(സി) കൊല്ലം ജില്ലയിലുള്ള തഴവാ മുസ്ലീം പ്രൈമറി സ്കൂൾ പണിയുന്നതിനു സാധനസാമഗ്രികളിൽ തടിക്കു അപേക്ഷിച്ചിട്ടുണ്ടായിരുന്നോ; ഉണ്ടെങ്കിൽ എന്തു നടപടിയെടുത്തു?

† Vide Appendix I.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I

[*Vide answer to starred question No.* 1435 (15)]

List of Bridge Works for which tenders were settled during 1958-59

1. Construction of a bridge across Vamanapuram river at Kollampuzha.
2. Construction of a bridge at L. S. 2630 in Vavakkavu-Vallickavu road.
3. Do. in Neduvancavu river in Ayoor-Keralapuram road.
4. Do. in Anappuzhakkal crossing in Chengamanad-Kadackal road.
5. Improvements to the road from 2nd mile C- W. road to Pallam—Thottakad II section—constructing a bridge at Pathamattom crossing.
6. Reconstructing the Vempally bridge in 105/6 M. C. road.
7. Bridge at Central Cross road V Section.
8. Constructing a 25′ span bridge at Kalampukad.
9. Reconstructing Manali Bridge in N. H. 47.
10. Constructing Kandassankadavu bridge Casting piles.
11. Constructing Thriprayar bridge driving down piles and moulding pile cap.
12. Constructing Thannipuzha bridge—Forming approach road.
13. Constructing Cheranallur bridge R. C. decking and approach road.
14. Constructing Cheriapally bridge R. C. decking and approach road.
15. Reconstructing the bridge at 2/8 of Padiotchal Pulingnam road.
16. Do. at 3/4 do. do.
17. Kariangot bridge at 52/8 of M. C. C. road.
18. Bridge at 1/5 of Kunnamangalam-Mukkum road.
19. Bridge at Kuyyali.
20. Reconstructing fish market bridge at Kayamkulam.
21. Bridge at Muttar.
22. Bridge at Nedumudi.

LIBRARY ARCHIVES Kerala Legislative Assembly